പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2843** **10.12.2014** ലെ മറുപടിക്ക്

## കൊയിലാണ്ടി മണ്ഡലത്തിൽ മാതൃകാ കോളനി വികസന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | പട്ടികജാതി വകുപ്പിൻ കീഴിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഏതെല്ലാം കോളനികളാണ് മാതൃകാ കോളനി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | എ) | മൂടാടി പഞ്ചായത്തിലെ വലിയമല കോളനിയെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |
| ബി) | അടിസ്ഥാന സൗകര്യ വികസനത്തിന് ഈ കോളനികളിൽ ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദ വിവരം ലഭ്യമാക്കാമോ; മൂടാടി പഞ്ചായത്തിലെ വലിയമല കോളനിയിൽ പദ്ധതി നടപ്പാക്കുന്നതിൽ പട്ടികജാതി ജില്ലാ വികസന ഓഫീസിൽ നിന്നുള്ള മേൽനോട്ടവും ഇടപെടലും ഫലപ്രദമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് മുൻ നിയമസഭാ സമ്മേളനങ്ങളിൽ പ്രശ്നം ഉന്നയിച്ചിട്ടും വകുപ്പിൽ നിന്ന് സമയബന്ധിതമായി പദ്ധതി നടപ്പിലാക്കുന്നതിൽ കുറ്റകരമായ അനാസ്ഥയുണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | നടപ്പാതയുടെ നിർമ്മാണം 75 മീറ്റർ പൂർത്തിയായി. റോഡ് നിർമ്മാണത്തിനായി മെറ്റൽ ശേഖരിച്ചിട്ടുണ്ട്. കോളനി നിവാസികളുടെ എതിർപ്പ് കാരണം നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടിട്ടുണ്ട്. കുടിവെള്ള പദ്ധതി പൂർത്തീകരിച്ചാൽ മാത്രമേ മറ്റ് പ്രവൃത്തികൾ നടത്താൻ അനുവദിക്കൂ എന്ന് കോളനി നിവാസികൾ അറിയിച്ചിട്ടുണ്ട്.<br>പദ്ധതി നടപ്പാക്കുന്നതിൽ ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നുള്ള മേൽനോട്ടവും ഇടപെടലും ഫലപ്രദമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല ;<br>പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് പ്രസിഡന്റിന്റെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയും അതിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ പങ്കെടുക്കുകയും ചെയ്തിരുന്നു. കൂടാതെ ജില്ലാ പട്ടികജാതി വികസന ഓഫീസിലും ജില്ലാ കളക്ടറുടെ ചേമ്പറിലും നിർവ്വഹണ ഏജൻസികളുമായി പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് യോഗം ചേരുകയുണ്ടായി.<br>നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുമെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |
| സി) | മണ്ഡലത്തിലെ മാതൃകാ കോളനി വികസന പദ്ധതി എന്ന് പൂർത്തികരിക്കുമെന്ന് വ്യക്തമാക്കുമോ? | സി) | ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ